# നൂപുരം




ബി ഐ ജി എച്ച് എസ് പള്ളം

ഡിജിറ്റൽ മാഗസിൻ

ലിറ്റിൽ കൈറ്റ്സ് 2022-25ബാച്ച്

# Our Bishop



## Rt.Rev.Dr. Malayil Sabu Koshy Cherian

# Our Local Maneger



## Rev.Abraham C  Prakash

# Our Headmistress



Smt. Meenu Mariam Chandy

# എഡിറ്റോറിയൽ

നൂപുരധ്വനികളാലും കുപ്പിവളക്കിലുക്കങ്ങളാലും മുഖരിതമായ ബുക്കാനൻ ക്യാമ്പസിലെ 2022-2025 ലെ ബാച്ചിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ നിങ്ങൾക്കായി തയ്യാറാക്കിയിരിക്കുന്ന നൂപുരം എന്ന മാഗസിനിലെ കുറവുകൾ ക്ഷമിച്ച് പ്രോത്സാഹിപ്പിക്കണമേ എന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ

റിതിക ആർ

# എഡിറ്റോറിയൽ ബോർഡ്

സ്റ്റുഡന്റ് എഡിറ്റർ :റിതിക ആർ

സ്റ്റാഫ് എഡിറ്റർ : ബിന്ദു പി ചാക്കോ

അഡ്വൈസറി ബോർഡ്:മിനു ലിസ ജോസഫ്

:റിൻസി എം പോൾ

ഫോട്ടോസ്&കവർ പേജ് :സേറ അഞ്ചു ഷിബു

:നെസിയമോൾ ചാക്കോ

ചിത്രങ്ങൾ :ദർശന ബിനോയ്

:സാറാ ലിയ ബ്ളസ്സൻ

# OUR SCHOOL


REDMI NOTE 9
AI QUAD CAMERA


REDMI NOTE 9
AI QUAD CAMERA


REDMI NOTE 9
AI QUAD CAMERA

# SSLC 2022-2023- അഭിമാനതാരങ്ങൾ





# പടിയിറങ്ങുന്ന പ്രിയപ്പെട്ടവർ



ഉള്ളടക്കം

ചിതറിത്തെറിച്ച ജീവൻ(കഥ)
കേരളത്തനിമ (കവിത)
കൊഴിഞ്ഞുപോയ വസന്തകാലം (കഥ)
മനസ്സ് (കവിത )
My best friend
പഴഞ്ചൊല്ലുകളും അതിന്റെ അർത്ഥവും
മേരാ സ്ക്രൂൾ
പ്രകൃതി(കവിത)
എന്റെ അമ്മ(കവിത)
അത്യാഗ്രഹം ആപത്താണ് (കഥ)
ഗണിത ക്വിസ്
ഗുരുത്വം (കഥ)
The bubble and the straw adn shoe
നിലാവ് (കവിത)
പ്രകൃതി (കവിത)
കുസൃതി ചോദ്യങ്ങൾ
വിദ്യാലയം(കവിത)
ആക്ടിവിറ്റീസ് 2023 24

# ചിതറിത്തെറിച്ച ജീവൻ(കഥ)

**മേഘങ്ങൾക്കിടയിലൂടെ ചെറുപുഞ്ചിരി മുഖത്തണിഞ്ഞ സൂര്യനുദിച്ചു. തെക്കേതിലെ ഭാസ്കരൻ ചേട്ടന്റെ കോഴി കൂവി നേരം വെളുത്തു. അമ്മ അടുക്കളയിൽ എന്തോ പെരുമാറുകയായിരുന്നു. ആ തട്ടിലും മുട്ടലും കേട്ടാണ് ഞാൻ എഴുന്നേറ്റത്. ഇന്നലെ ഉറക്കം ഒട്ടും ശരിയായില്ല അങ്ങനെ പറഞ്ഞാൽ പോരാ ഉറങ്ങിയതേയില്ല എന്നതാണ് വാസ്തവം. ഞാൻ അടുക്കളയിൽ എത്തിയപ്പോൾ ആകെ അലങ്കോലമായി കിടക്കുന്നു അടുക്കള മാത്രമല്ല വീടു മുഴുവനും ഞാൻ അത് അത്ര കാര്യമാക്കിയില്ല കാരണം ഇതിവിടെ പതിവായിരുന്നു അച്ഛൻ ജോലിക്ക് പോയി വരുമ്പോൾ മൂക്കും മുട്ട കുടിച്ചിട്ടാണ് വരവ് അതിനിടെ പതിവാണ് പിന്നെ രാത്രിയിൽ ആർക്കും ഉറങ്ങാൻ പറ്റില്ല ഇന്നലത്തെ കലാപരിപാടിയിൽ സംഭവിച്ചതാണ് എന്ന് എനിക്ക് മനസ്സിലായി. അയ്യോ അമ്മേ ഈ ചേച്ചി എന്റെ അമ്മ അടുക്കളയിൽ നിന്ന് ഓടി വന്നു ഒപ്പം ഞാനും അപ്പുവാണ് വിളിച്ചത് ഇന്നലത്തെ**

**അച്ഛന്റെ കലാപരിപാടിയിൽ അപ്പു തന്റെ ജീവനേക്കാൾ ഏറെ സ്നേഹിച്ചിരുന്ന മീൻ കുഞ്ഞുങ്ങൾ നിലത്ത് ചത്തു കിടക്കുന്നു കഷണങ്ങൾ അവിടെ ഇവിടെയായി ചിതറി കിടപ്പുണ്ട് ഞാൻ അവനെ സമാധാനിപ്പിച്ചു മീൻ എന്ന് പറഞ്ഞ് അവൻ അലമുറ ഇട്ട് കരഞ്ഞു. ആരോ ചത്തതുപോലെ ഇന്ന് രാവിലെ ഉള്ള അരിയും കറിവെക്കാൻ**

ഒക്കെ അച്ഛൻ രാത്രിയിലെ കലാപരിപാടിയിൽ നശിച്ചു നശിപ്പിച്ചു രാവിലെ എല്ലാവരും പട്ടിണിയാണ് നേരം 11 മണിയായി തെക്കേതിൽ നിന്ന് അമ്മ കുറച്ച് അരി വാങ്ങി കഞ്ഞി അപ്പോഴേക്കും അച്ഛൻ വീട്ടിൽ നിന്ന് ഇറങ്ങിയിരുന്നു എന്നും അമ്മയുടെ സങ്കടവും പരാതിയും കേട്ടാണ് ഞങ്ങൾക്ക് ഉറക്കം ഉണരുന്നത് വാതുക്കൽ ഒരു വണ്ടി വന്ന ശബ്ദം കേട്ട് കൊച്ചച്ചൻ ആയിരിക്കും എന്ന് കരുതി ബിന്ദു അമ്മ കലങ്ങിയ കണ്ണുകളോട് പുറത്തേക്ക് ഇറങ്ങി പക്ഷേ അത് കൊച്ചച്ചൻ അല്ലായിരുന്നു അച്ഛൻറെ ഒരു സുഹൃത്താണ് ശങ്കരൻ ചേട്ടൻ ഇല്ലേ ചേച്ചി അയാൾ ചോദിച്ചു ഇല്ല കാലത്തെ ഇറങ്ങിയതാണ് എങ്ങോട്ടാണെന്ന് അറിയില്ല അമ്മ മറുപടി പറഞ്ഞു എന്താ കാര്യം ഒരാവശ്യം ഉണ്ടായിരുന്നു അയാൾ പറഞ്ഞു ചേട്ടൻ വരുന്നവരെ ഞാൻ ഇവിടെ ഇരുന്നുകൊള്ളാം അയാൾ തിണ്ണയിൽ കയറിയിരുന്നു അമ്മ മുറിയിൽ നിന്നും ഇറങ്ങിപ്പോയി. കാരണം വേറെ ഒന്നുമല്ലായിരുന്നു അച്ഛൻ കുടിച്ച് ഉള്ള കിടപ്പാടം കൂടി കൊണ്ട് മുടിച്ചു സുധിയും അച്ഛനും സംസാരിക്കുന്നത് ഞാൻ മറഞ്ഞു നിന്ന് കേട്ടതാണ് അന്ന് അച്ഛൻ പതിവുപോലെ അച്ഛന്റെ കലാപരിപാടികൾ എല്ലാം കഴിഞ്ഞു കിടന്നപ്പോൾ നേരം ഒരുപാട് വൈകി നേരം പുലർച്ചയായി അപ്പു എഴുന്നേറ്റിട്ടില്ല കാപ്പികുടിക്കാൻ അടുക്കളയിൽ ചെന്നപ്പോൾ അവിടെ അമ്മ ഇല്ലായിരുന്നു അമ്മയെ തിരക്കി ഞാൻ മുറിയിൽ ചെന്നപ്പോൾ ഒരു സാരിത്തുമ്പിൽ എല്ലാം അവസാനിപ്പിച്ച അമ്മ നിൽക്കുന്നു എന്ത് ചെയ്യണം എന്നറിയാതെ ഒന്ന് ഉറക്കെ കരയാൻ

പോലും വയ്യാതെ ഞാൻ നിശ്ചലമായി അമ്മ എന്തുകൊണ്ട് ഇത് ചെയ്തതെന്ന് ഇപ്പോഴും എനിക്കറിയില്ല അമ്മ പോയതിൽ പിന്നെ നരക തുല്യമായ ജീവിതമാണ് എന്റെയും അപ്പുവിന്റെയും പിന്നെ ഓരോ ദിവസവും അയാൾ കൂടെ കൂടെ ഓരോരുത്തരാണ് വീട്ടിൽ വന്നു വരുന്നത് ഞങ്ങൾ രണ്ടു മനുഷ്യ ജീവനുകൾ ഈ വീട്ടിൽ ഉണ്ടെന്ന് ചിന്ത പോലും അയാൾക്കില്ലായിരുന്നു ഒരു രാത്രിയിൽ തന്റെ കുഞ്ഞനുജനെയുമായി അമ്മയുടെ സാരിയും നെഞ്ചോട് ചേർത്ത് അവൾ ഇരുട്ടിൽ നടന്നകന്നു.

ജോജിന 10B

# കേരളത്തനിമ

മലയാളത്തനിമ വിളിച്ചോതും

കേരം തിങ്ങും കേരളം

തെന്നൽ പോലും വിളിച്ചോതും ദൈവത്തിന്നുടെ രാജ്യമിതാ

മലയാളമെന്നൊരു ഗാനം

മുഴങ്ങി വാഴുന്ന ഒരേയൊരു

മലർവാടി

കോകിലം എന്നൊരു വാനമ്പാടി

ഉഷസ്സിൽപാടിയുണർത്തും

ആ കുയിൽ തന്നുടെ നാദം

കൊണ്ട് നാടിനെ പാടിയുറക്കും

കടലും കരയും ഒരുപോലെതന്നെ

ചുംബിച്ചുണർത്തും നാട്

ശീതവും ശിശിരവും വേനലും ഒരുപോൽ ചേർന്ന് വാണിടും

വസന്തം എന്നൊരു കുസുമം നാടിനെ വൃന്ദാവനമാക്കിടും പച്ചപ്പുടവ



വിരിച്ചൊരു നാടേ

ഇനിയും ശിരസ് കനിക്കാതെ വാഴുക

മനോജ്ഞത പൂകിയ നാടേ

ഹിന്ദു മുസൽമാൻ ക്രിസ്ത്യനൊന്നായ്

വാണരുളീടും നാട്

ഐക്യത ഐശ്വര്യമൊന്നായി കലർത്തി

പാകം ചെയ്തൊരു നാട്

വൃക്ഷലതാദികൾ മകുടം ചൂടിയാൽ വസന്തമായൊരു നാട്

ഇതാണെന്നുടെ കേരളനാട്കേരം തിങ്ങിടും നാട്

ദേവിക കെ ബി 10C



ജെനിസ മറിയം ജോൺസൺ 6B

# കൊഴിഞ്ഞു പോയ വസന്തകാലം

## (കഥ)

പതിനൊന്നു മണിയാകാൻ 10 മിനിട്ട് കൂടെ ബാക്കി...... ആ അമ്മയുടെ കൈകളിലിരുന്ന് ടിവി റിമോട്ട് വീർപ്പുമുട്ടാൻ തുടങ്ങി.... വിധി വരുന്നതും കാത്ത് വീട്ടുമുറ്റത്ത് മാധ്യമ പ്രവർത്തകർ ' ... തന്നിലേക്ക് പതിയുന്ന ക്യാമറക്കണ്ണുകൾ മകളുടെ കഴുത്തിൽ വരിഞ്ഞ് മുറുകിയ കൊലക്കയറായി അനുഭവപ്പെട്ടു. അവൻ എന്ത് വേദന സഹിച്ചിട്ടുണ്ടാവണം. " ഞാൻ റിപ്പോർട്ടർ പ്രശാന്ത് ഹൈക്കോടതി വളപ്പിനു മുമ്പിൽ നിന്നും.... കേരള മനസാക്ഷിയെ നടുക്കിയ ഐശ്വര്യയുടെ മരണത്തിന് കാരണക്കാരനായ ഭർത്താവ് വിവേകിനെ കാത്തിരിക്കുന്ന ശിക്ഷ എന്താവാം? കോടതി വിധി അൽപ സമയത്തിനുള്ളിൽ.... " പണ്ടൊക്കെ ടി വി യിൽ ഇടവേള കാണിക്കുന്ന ആഭരണപരസ്യങ്ങളിൽ കണ്ട് പതിഞ്ഞി തന്നൊങ്കിൽ ഇന്ന് അമ്മയുടെ മാത്രമല്ല ഒരു സംസ്ഥാനത്തിന് തന്നെ ശ്രദ്ധ വാർത്താ തലക്കെട്ടിലായിരുന്നു ഓരോ നിമിഷത്തിലും ആ അമ്മയുടെ നെഞ്ചിൽ തീയാളുകയായിരുന്നു' തൻ്റെ മകളുടെ ചിരിച്ചുകൊണ്ടിരിക്കുന്ന ഓരോ ഫോട്ടോകളും കാണുമ്പോൾ വർഷങ്ങളായുള്ള ഓർമ്മകൾ തന്നെ വേട്ടയാടുന്നതായി അമ്മയ്ക്ക് തോന്നി.അച്ഛൻ്റെ കാര്യം ഓർക്കുമ്പോൾ അമ്മയുടെ വേവലാതിക്ക് അറുതിയില്ലതെയായി അവന് അർഹിക്കുന്ന ശിക്ഷ തന്നെ കിട്ടണമെന്ന പ്രാർത്ഥനയിലായിരുന്നു ആ നാട് .

പ്രണയ വിവാഹമായിരുന്നത്രേ..... എന്നിട്ടെന്തേ അവളോടിത്ര ക്രൂരത കാട്ടിയത്? സ്ത്രീധനമായി 10 ലക്ഷം രൂപയും 30 പവനും ഒരു കാറും


കൊടുത്തു. ആർത്തി മൂലം ഓരോ ദിവസവും കൂടുതൽ പണം അവൻ അവശ്യപ്പെടുമായിരുന്നു. സർക്കാർ ഉദ്യോഗസ്ഥനാണല്ലോ എന്ന കാരണത്താലും കുടുംബ മഹിമ ഓർത്തിട്ടുമാണ ആ വിവാഹബന്ധത്തിന് ശ്രുതിയുടെ വീട്ടുകാർ സമ്മതം മൂളിയത്. വളരെ ആഢംബരമായിരുന്നു ആ MBBS വിദ്യാർത്ഥിനിയുടേയും സർക്കാർ ഉദ്യോഗസ്ഥനായ ചെറുപ്പക്കാരൻ്റെയും കല്യാണം' അവരുടെ മുറിയിൽ തൂങ്ങിക്കിടന്ന വലിയ വിവാഹ ഫോട്ടോ കാണുമ്പോൾത്തന്നെ എന്തൊരു മനപ്പൊരുത്തമാ...... സമ്പത്തിൻ്റെ കാര്യത്തിലും ജോലിയുടെ കാര്യത്തിലും സമ്പത്തിൻ്റെ കാര്യത്തിലും...... എന്നാൽ യഥാർത്ഥ മനപ്പൊരുത്തം ബന്ധനങ്ങളിലാണ് ഉണ്ടാവേണ്ടതെന്ന സത്യം ഈ മരണത്തോടെ എങ്കിലും ഓരോ കുടുംബങ്ങൾക്കും മനസ്സിലാവട്ടെ.... ഞങ്ങൾ മനസ്സിലാക്കാൻ താമസിച്ചു.അതിൻ്റെ ഫലമാണ് ഇന്ന് അനുഭവിക്കുന്നത് ആ അമ്മയുടെ ഹൃദയത്തിലൂടെ ചിന്തകൾ പാഞ്ഞു പോയി .പതിനൊന്ന് മണിയാകാൻ 5 മിനിട്ട് മാത്രം ബാക്കി..... രാവിലെ അമ്പലത്തിൽ പോയതിന് ശേഷം കോടതിയിലെ ഓരോ പടികളും പിന്നിട്ടപ്പോൾ അച്ഛൻ കണ്ട കാഴ്ചകൾ വേദനാജനകമായിരുന്നു..... ശിഥിലമായിക്കൊണ്ടിരിക്കുന്ന കുടുംബ ബന്ധങ്ങൾ, അമ്മയെക്കൊന്ന് ജയിലിലേക്ക് പോകുന്ന അച്ഛൻ വിചാരണവേളയിൽ കേസ് വിസ്തരിക്കുന്ന വക്കീലിന്റെ വാദവും എതിർഭാഗം വക്കീലിന്റെ മുടന്തൻ ന്യായീകരണങ്ങളും ബെഞ്ചിൽ തലചാരി കിടന്നിരുന്ന ആ പിതാവിൻ്റെ നെഞ്ചത്തേക്ക് ആണ് ചെന്ന് പതിച്ചത് അയാൾക്ക് അറിയാമായിരുന്നു ഈ മുറിവ് ഒരിക്കലും ഉണങ്ങാത്തൊന്നായി അവശേഷിക്കുമെന്ന് സൂര്യന് കീഴിലെ ആദ്യത്തെ സ്ത്രീധന പീഡനം എന്ന ഒന്നുമല്ലല്ലോ ഇത് തൂക്കുകയർ

ഉറപ്പായപ്പോൾ പ്രതിഭാഗം വക്കീലിന്റെ വാക്കുകളാണ് പഠിച്ച 18 അടവ് പ്രയോഗിച്ചെങ്കിലും അവൻ ചെയ്ത കുറ്റത്തിന്റെ ഭീകരത അയാൾക്കും ബോധ്യമായിരുന്നു കാരണം അയാളും ഒരു പെൺകുട്ടിയുടെ അച്ഛനല്ലേ ഒരുപാട് ചിന്തകൾ ആ ഹൃദയത്തെ വേട്ടയാടി മകളുടെ വിവാഹശേഷം ആ കുടുംബവുമായി യാതൊരുവിധ ബന്ധങ്ങളും ഇല്ലായിരുന്നു അവളുടെ കാലത്താവട്ടെ അവിടെ ഹോസ്റ്റലിൽ നിർത്തിയാണ് പഠിപ്പിച്ചത് അവളെ മുഴുവൻ സമയവും പഠിക്കാൻ നിർബന്ധിച്ച മാതാപിതാക്കളാണ് തങ്ങൾ വാർഡ് മെമ്പറായ അമ്മയ്ക്ക് മകളുടെ കാര്യങ്ങൾ അന്വേഷിക്കാനുള്ള സമയം കിട്ടിയിട്ടില്ല ബാങ്ക് ഉദ്യോഗസ്ഥനായ തനിക്ക് ആവട്ടെ വീട്ടിൽ വരുമ്പോൾ തന്നെ മകൾ ഉറങ്ങുന്ന സമയമാകും കുട്ടിയുമായുള്ള സ്നേഹബന്ധത്തിൽ പണ്ടേ വിള്ളൽ വീണിരുന്നു പണ്ടേ അവളോട് മനസ്സ് തുറന്ന് സംസാരിച്ചിരുന്നെങ്കിൽ മരുമകന്റെ ക്രൂരത അവൾ ഉള്ളിൽ ഒതുക്കില്ലായിരുന്നു അച്ഛനും അമ്മയും ഏക മകളും അടങ്ങിയ ആ അന്തസ്സുള്ള സമ്പത്ത് കൊണ്ടും മഹിമ കൊണ്ടും ഉയർന്ന ആ കുടുംബത്തിൻ അടിത്തറയായിരുന്നു സ്നേഹബന്ധത്തിൽ ഉണ്ടായതാണ് ഇന്ന് ഈ കോടതി വരെ എത്തിച്ചേർന്നത് മകളെ അവൻ പൊന്നുപോലെ നോക്കും എന്നുള്ള അമിത വിശ്വാസമായിരുന്നു ആ സ്നേഹബന്ധത്തിന് വഴിതെളിച്ചത് പ്രണയബന്ധത്തിൽ അവൾ ഒത്തിരി മാനസിക പീഡനം അനുഭവിച്ചിരുന്നു എന്ന് തുറന്നു പറഞ്ഞിരുന്നെങ്കിൽ ഇന്ന് അവൾ ഒരു ഡോക്ടർ ആയി സന്തോഷത്തോടെ ജീവിച്ചേനെ. എന്നാൽ നാട്ടിലെ കാര്യങ്ങൾ നോക്കി നടത്തുന്ന അമ്മയും ബാങ്കിലെ കണക്കുകളുടെ കുരുക്കഴിക്കാൻ പ്രയാസപ്പെടുന്ന അച്ഛനോടും അവൾക്ക് അത്തരം ആത്മബന്ധം മാഞ്ഞു പോയിരുന്നു

അതിക്രൂരമായ ഗാർഹിക പീഡനത്തിന് ഇടയായി ജീവനൊടുക്കിയ ശ്രുതി വധക്കേസിന്റെ വിധി തിരുവനന്തപുരം ഹൈക്കോടതി പുറപ്പെടുവിച്ചു. ശ്രുതി വാർത്ത തലക്കെട്ടിലൂടെ അമ്മ കണ്ണോടിച്ചു ജീവപര്യന്തം തടവും നഷ്ടപരിഹാരമായി 30 ലക്ഷം രൂപയും ശിക്ഷ കുറഞ്ഞു പോയില്ല എങ്കിലും ഇതിലൂടെ തന്നെ മകളെ തിരിച്ചു ലഭിക്കില്ല ആ അമ്മ സോഫയിൽ നിന്ന് എഴുന്നേറ്റ് ജനലരിയിൽ പോയി നിന്നു കഠിനമായ ഉച്ചവെയിൽ ജനറൽ വഴികളിലൂടെ കടന്നുവന്ന ആ മാതൃഹൃദയത്തെ ആശ്വസിപ്പിക്കാൻ ശ്രമിച്ചെങ്കിലും പരാജയപ്പെട്ടു കാരണം ആ ഹൃദയം ചുട്ടുപഴുത്തിരിക്കുകയായിരുന്നു ഒരുമാസം മുമ്പ് കത്തിയെരിഞ്ഞത് തന്നെ മകളുടെ ചിതയിലെത്തി ആ അമ്മ മനസ്സിലേക്കും ആളിപ്പടർന്നിരുന്നു. നീതി കിട്ടുന്നതുവരെ പോരാടുന്ന കുടുംബത്തിൻറെ മൂല്യം സമൂഹത്തിന് എങ്കിലും മനസ്സിലാക്കി കൊടുക്കാൻ സാധിച്ചതോടെ ആ മാതാവിന് സമാധാനമായി ഇനി ഒരു പെൺകുട്ടിക്കും ഈ ഗതി വരരുത് ആ അമ്മയെ മാധ്യമപ്രവർത്തകർ ഒരു തേനീച്ച കൂട്ടം പോലെ വളഞ്ഞു ശ്രദ്ധിക്കാൻ നീതി കിട്ടിയെന്ന അമ്മയ്ക്ക് തോന്നുന്നുണ്ടോ എന്താണ് പറയാനുള്ളത് മൈക്കുകൾ ഓരോന്നായി അമ്മയ്ക്ക് നേരെ നീങ്ങി നമസ്കാരം ഞാൻ ശ്രുതിയുടെ അമ്മ നീണ്ട പോരാട്ടത്തിനൊടുവിൽ എൻറെ മകൾക്ക് നീതി കിട്ടിയിരിക്കുന്നു ഇനി ഒരു പെൺകുട്ടിക്കും ഈ ഗതി തന്നുരാൻ വരുത്താതിരിക്കട്ടെ വക്കിൽ പറഞ്ഞിരുന്നല്ലോ മരണം ഒന്നുമല്ലല്ലോ ഇത് ചിന്താഗതിയാണ് നാം മാറ്റേണ്ടത് ആദ്യം നമ്മുടെ കുടുംബാംഗങ്ങളെ വിഷമങ്ങൾ തിരിച്ചറിയാൻ ശ്രമിക്കണം വേണ്ടത് ശക്തമായ സ്നേഹബന്ധങ്ങൾ ആണ് ഇത് സൂര്യന് കീഴിൽ അവസാനത്തെ സ്ത്രീധനം പീഡനമായി മാറട്ടെ അമ്മ കണ്ണുനീർ തുടച്ചു അമ്മ അങ്ങ് സ്വർഗത്തിൽ ഉത്തരം കിട്ടാത്ത ചോദ്യങ്ങളുമായി

ഇരട്ട പെൺകുട്ടികൾ അവശേഷിച്ച സൂര്യൻ സംതൃപ്തിയോടെ ഇനിയും താൻ ശിഥിലമാകുന്ന ബന്ധങ്ങൾ സാക്ഷിയാവില്ലെന്ന് പ്രതീക്ഷയോടെ കത്തിജ്വലിച്ച പോയ ഒരു വസന്തകാലത്തിന്റെ അടയാളമായി ആ വീടും ശ്രുതിയും വിവേകം രണ്ടു മക്കളും അടങ്ങിയ കുടുംബവും ഫോട്ടോയും ഒരു നൊമ്പരത്തിന്റെ ശവപ്പറമ്പായി അവശേഷിച്ച

**by Krupa Ann John(10C)**



# മനസ്സ് (കവിത)

എല്ലാം ഉള്ളിന്റെയുള്ളിൽ അടക്കി വയ്ക്കുന്നു



സങ്കടം വന്നാലും

സന്തോഷം വന്നാലും

പുറത്ത് പ്രകടിപ്പിക്കാനാവാത്ത മനസ്സ്

കണ്ടിട്ടുണ്ടോ?

ഉള്ളിലെ വിങ്ങൽ കണ്ണിൽ പ്രതിഫലിക്കുന്നത്

ശ്രദ്ധിച്ചിട്ടുണ്ടോ?

മനസ്സ് പിരിമുറുക്കങ്ങളിൽപ്പെട്ട് ഉറങ്ങിപ്പോകുന്നത്

കണ്ടിട്ടുണ്ടോ? എങ്കിലും എന്റെ മനസ്സിനെ

പിരിമുറുക്കങ്ങളുടെ വാതിൽ കൊട്ടിയടച്ച്

പുഞ്ചിരി കൊണ്ട് നിറയ്ക്കാറുണ്ട്

**Aneeta Thomas10B**

# My Best Friend

I have a friend. She lives in my house .when I am happy she is happy too.When Icry she cries too.But I cannot hear her voice .My friend lives in the mirror."Come out" "I toid her ."We will play" She does not come.Iam not happy I went to bed for sleep. She comes ut from the mirror in my sleep and play and run andwe shout and sceamtogether When I talk to her.She also talk to me.Inthe morning ,she will go backinto the mirror.She will play again in my dream.........

Elizabeth Susan Sunil std VB

# പഴഞ്ചൊല്ലുകളും അതിന്റെ അർത്ഥവും

1. മെല്ലെത്തിന്നാൽ മുള്ളും തിന്നാം

ശ്രദ്ധയോടെ ചെയ്താൽ ഏതു വിഷമവും പരിഹരിക്കാം

2. വേലി ചാടുന്ന പയ്യിന് കോലുകൊണ്ട് തല്ല്

അതിക്രമം കാണിക്കുന്നവർക്ക് ആപത്തു നിശ്ചയം

3. സമ്പത്ത് കാലത്ത് തൈ പത്തു വെച്ചാൽ ആപത്തു കാലത്ത് കാ പത്ത് തിന്നാം

നല്ല കാലത്ത് നല്ലത് ചെയ്താൽ കഷ്ടകാലത്ത് ക്ലേശിക്കേണ്ടി വരില്ല

4. ആന വാ പൊളിക്കും പോലെ അണ്ണാനും വാ പൊളിച്ചാലോ?

വലിയവൻ ചെയ്യുന്ന പോലെ ചെറിയവൻ ചെയ്യാൻ തുടങ്ങിയാൽ അപകടം വരും

5. അഞ്ചിൽ അറിഞ്ഞില്ലെങ്കിൽ അൻപതിൽ അറിയും

ചെറിയ നഷ്ടത്തിൽ ശ്രദ്ധിക്കാത്ത വർക്ക് വലിയ നഷ്ടം വരും

6. അട ഇരിക്കുന്നിടത്ത് ചെകിട് കാണിക്കരുത്

ആപത്തിൽ സ്വയം ചെന്ന് ചാടരുത്

**Rithika R 9B**



# मेंरा स्कूल



कीतना सुन्दर है स्कूल ।

इस में रंग बिरंगे फूल।

फूल सुहाते सबको भाते।

उन्हें देखकर सब लालचाते |


टीचर हमको पाठ पढाती।

नयी नयी बातें सिखलाती।

फूलों से गिनती क१वाती ।

टॉफी देकर म बहलाती।

**EmilyJohnson V B**





ജെനിസ മറിയം ജോൺസൺ 6B

# പ്രകൃതി

സായാഹ്നത്തിൻ സന്ധ്യക്കെന്താ

സിന്ദൂരത്തിൻ ചുവപ്പു നിറം

രാവിൻ ഇരുളിയിൽ വിരിയും

മുല്ലക്കെന്താ വെള്ള നിറം

പച്ചിലക്കാടിൽ പാറിക്കളിക്കും

തത്തയ്ക്കെന്താ പച്ചനിറം

പാടത്തൊക്കെ വിളഞ്ഞു നിൽക്കും

നെന്മണിക്കെന്താ പൊന്നിൻനിറം

കാർമേഘത്തെ സുന്ദരിയാക്കും

മഴവില്ലിനെന്താ? ഏഴ് നിറം

ഈശ്വരൻ നൽകിയ നിറങ്ങളൊക്കെയും

പ്രകൃതിക്കിണങ്ങിയവരദാനമല്ലോ

Jisa Jiby (6  A)

# എന്റെ അമ്മ

എന്റെ അമ്മ എനിക്ക് വാത്സല്യം തന്ന അമ്മ

എനിക്ക് ജീവനാണെന്റെ അമ്മ

എനിക്ക് സ്നേഹം തന്നു അമ്മ


എന്റെ അധ്യാപികയാണമ്മ



നന്മയാണെന്നമ്മ ......

വിനീത മർക്കോസ് (9A)


# അത്യാഗ്രഹം ആപത്താണ്



ഒരിക്കൽ ഒരു എലി ആഹാരം തേടി നടക്കുകയാണ് നടന്നുനടന്ന് കുറേ ദൂരം എത്തിയപ്പോൾ നെല്ലിൻ്റെ മണം അടിച്ചു .നല്ല പുതിയ നെല്ലിൻ്റെ മണമാണല്ലോ വരുന്നത് അവൻ അവിടെ നടന്ന് പരിശോധിച്ചു ഹോ രക്ഷപ്പെട്ടു. ഒരു കുട്ടൻ നിറയെ നെല്ല് ഇരിക്കുന്നത് അവൻ കണ്ടു. അവൻ ഞെങ്ങി ഞെരുങ്ങി അകത്തു കടന്നു.ആർത്തിയോടെ നെല്ല് തിന്നാൻ തുടങ്ങി അവൻ്റെ വയറു വീർത്തു വയറു നിറഞ്ഞു ഇനിയും പുറത്ത് കടക്കാം അകത്തേക്ക് വന്ന വഴി പുറത്തേക്ക് കടക്കാൻ പറ്റുന്നില്ല. കുട്ടയിലെ ചെറിയ ദ്വാരത്തിലൂടെ . ഇനിയും പുറത്ത് കടക്കാം അകത്തേക്ക് വന്ന വഴിയെ പുറത്തേക്ക് പോകാൻ പറ്റുന്നില്ല വയറാണ് തടസ്സം എത്ര ശ്രമിച്ചിട്ടും പുറത്തോട്ട് കടക്കാൻ പറ്റുന്നില്ല. ക്ഷീണം കൊണ്ട് ആ

കൂട്ടയ്ക്കകത്തു തന്നെ കിടന്നുറങ്ങി . ഉറക്കം ഉണർന്ന ചുണ്ടെലി തൻ്റെ വയറിലേക്ക് നോക്കി ഇനി പുറത്തേക്ക് ഇറങ്ങാൻ കഴിയുമായിരിക്കും എന്ന് വിചാരിച്ചു എന്തായാലും പുറത്തേക്ക് പോകുമല്ലോ കുറച്ചുകൂടി തിന്നാം അവൻ വീണ്ടും നെല്ല് തിന്നാൻ തുടങ്ങി കുറച്ചു കഴിഞ്ഞപ്പോൾ അവൻ അവിടെ നിന്ന് ഇറങ്ങാൻ നോക്കി പറ്റുന്നില്ല. അപ്പോൾ അതുവഴി വന്ന ഒരു പൂച്ച അവനെ ആർത്തിയോടെ തിന്നു .

**Aswathy ManilalVIIA**



# ഗണിത ക്വിസ്

1 'Mathematics ' എന്ന വാക്കിന്റെ ഉത്ഭവം __ ഏത് പദത്തിൽ നിന്നാണ്?
ഉത്തരം: Mathemata.

2.കണക്കുകൂട്ടാനായി ഉപയോഗിച്ചിരുന്ന ഏറ്റവും പുരാതനമായ ഉപകരണം?
ഉത്തരം: അബാക്കസ്

3.' പൂജ്യം ' കണ്ടുപിടിച്ചത് ഏത് രാജ്യക്കാരാണ്?
ഉത്തരം: ഭാരതീയർ

4.നെഗറ്റീവ് സംഖ്യകൾ കണ്ടുപിടിച്ചത് ഏതു രാജ്യത്ത്?
ഉത്തരം: ഇന്ത്യയിൽ

5.രാമാനുജൻ സംഖ്യ ഏതാണ്?
ഉത്തരം:1729

6) '10'എന്ന സംഖ്യയിൽ നിന്ന് എത്ര പ്രാവശ്യം ഒന്ന് കുറയ്ക്കാം?
ഉത്തരം :ഒരു
പ്രാവശ്യം

7. ഒരു ഡെക്കേഡ് (decade) എത്ര വർഷമാണ്?
ഉത്തരം:10

8) 1 അടി എത്ര ഇഞ്ച് ആണ്?
ഉത്തരം:12

9) 7 ബില്യൺ എത്ര കോടിയാണ്?
ഉത്തരം:700 കോടി.

10) ഏറ്റവും വലിയ നെഗറ്റീവ് പൂർണ്ണസംഖ്യ ഏതാണ്?
ഉത്തരം: -1

**Sera Achu Shibu**





# ഗുരുത്വം(കഥ)

നിവർത്തിപ്പിടിച്ച പ്രാർത്ഥന പുസ്തകത്തിലെ മനപ്പാഠമായി മന്ത്രങ്ങൾ ഉരുവിടുകയാണ് മുത്തശ്ശി. ഇടയ്ക്ക് മിഴികൾ നീട്ടി വഴിയിലേക്ക് നോക്കും.ആരെയോ പ്രതീക്ഷിക്കുന്നുണ്ട് അവർ. അവൻ വരും വരാതിരിക്കില്ല. അവർ മനസ്സിൽ ഉറപ്പിച്ചു. ഇന്ന് പരീക്ഷ തുടങ്ങുകയാണ് തന്റെ പാദം തൊട്ട് അനുഗ്രഹം വാങ്ങാതെ ഉണ്ണി ഒരു പരീക്ഷയ്ക്കും പോയിട്ടില്ല.കുട്ടിക്കാലം മുതലുള്ള ശീലമാണ് എനിക്ക് അവന് ആദ്യാക്ഷരങ്ങൾ പറഞ്ഞുകൊടുത്തും താൻ തന്നെയാണല്ലോ അവനു മാത്രമല്ല ഒരുപാട് കുട്ടികൾക്ക് തന്റെ അറിവ് ആത്മാർത്ഥതയോടെ പകർന്നുകൊടുക്കാൻ അവർക്ക് കഴിഞ്ഞിട്ടുണ്ട്. ഒരു അധ്യാപികയായി ജീവിതത്തിന്റെ അനുഗ്രഹം തന്റെ പഠിപ്പിച്ച ഓരോ കുട്ടികളും ഉയർച്ചയുടെ ഓരോ പടവുകൾ കടക്കുമ്പോഴും അവൻ ദൈവത്തോട് അകമഴിഞ്ഞ് നന്ദി പറയും സങ്കടപ്പെടുത്തുന്ന അനുഭവങ്ങൾ ഏറെയൊന്നും അവരുടെ അധ്യാപക ജീവിതത്തിൽ ഉണ്ടായിട്ടില്ല എങ്കിലും തന്റെ വിദ്യാർത്ഥികളിൽ കുറ്റവാളിയായും ജയിൽ പുള്ളിയായും ആയി മാറിയിട്ടുള്ളത് അവരെ എന്നും ദുഖിപ്പിച്ചു. ഒരിക്കൽ പഠിക്കാത്തതിനെ ശിക്ഷ കൊടുത്തപ്പോൾ തന്നെ തല്ലാൻ വന്ന രഘു ഞാൻ മാത്രമായിരുന്നില്ല.അവന്റെ ശത്രു അധ്യാപകർക്ക് എല്ലാം അവൻ കണ്ണിലെ മുള്ളായിരുന്നു അവന് അധ്യാപകരും അതുപോലെതന്നെ അവനെ ശരിയായി മാർഗ്ഗത്തിൽ കൊണ്ടുവരാൻ കുറെ ശ്രമിച്ചു പരാജയപ്പെട്ടപ്പോൾ സ്വയം മറന്നു ഗുരുത്വം കെട്ടവൻ എന്ന് ശപിച്ചു പോയിട്ടുണ്ട് ഇപ്പോൾ അവൻ എവിടെയാണാവോ? മുത്തശ്ശി ഉണ്ണിയുടെ ശബ്ദം ചിന്തയിൽ നിന്ന് ഉയർത്തി ഓടിവന്ന മുത്തശ്ശിയെ അവൻ കെട്ടിപ്പിടിച്ച് നീ വന്നല്ലോ വാ പൂജ മുറിയിൽ പോയി പ്രാർത്ഥിക്കാം ഇനി മുത്തശ്ശി പറയാനും പ്രാർത്ഥിക്കാനും പോകുന്ന കാര്യം ഉണ്ണിക്ക് മനപ്പാഠമാണ് തന്റെ കൈകൾ പിടിച്ച് കത്തിച്ചുവച്ച് നിലവിളക്കിന്റെ മുന്നിൽ നിർത്തും കണ്ണടയ്ക്കാൻ പറയും അച്ഛനെയും അമ്മയെയും ഇതുവരെ നല്ല വഴിയിൽ സഞ്ചരിക്കാൻ സഹായിച്ച ഓരോരുത്തരെയും മനസ്സിൽ

സമർപ്പിക്കാൻ പറയും മുത്തശ്ശി അച്ഛനെയും അമ്മയെയും എന്ന് പറയും ഉണ്ണി മുത്തശ്ശിയുടെ രൂപമാണ് മനസ്സിൽ കാണുക ചെറിയ പ്രായത്തിൽ താൻ എല്ലാ പ്രശ്നങ്ങളിലും 100% വിജയം കൈവരിക്കാൻ പ്രാർത്ഥനാക്കിയ അവന് ദൈവത്തിനൊപ്പം ആയിരുന്നു ജീവിതത്തിൽ ഇനി നേരിടാൻ പോകുന്ന എന്ത് വലിയ പ്രശ്നങ്ങളെയും പൂപോലെ നേരിടാൻ വിശ്വാസം നൽകുന്നതും ഈ നേർത്ത രൂപമാണ് അവന്റെ മനസ്സിൽ മുത്തശ്ശിയുടെ രൂപം നിറഞ്ഞു ഇങ്ങനെ ഒരു ഗുരുവിനെ ലഭിച്ചതിൽ ദൈവത്തിനു മനസ്സ് നിറഞ്ഞ നന്ദി പറഞ്ഞു അവന്റെ കണ്ണ് പറയാൻ പറ്റാത്ത മനോഭാവത്താൽ നിറഞ്ഞൊഴുകി മുത്തശ്ശി വിളിച്ചു എന്തുപറ്റി നിനക്ക്, അവൻ മുത്തശ്ശിയെ കെട്ടിപ്പിടിച്ചു മുത്തശ്ശിക്ക എന്തേലും ആഗ്രഹങ്ങൾ ഉണ്ടോ ഇതുവരെ? നിനക്ക് സാധിച്ചു തരാൻ പറ്റുമോ? പറയും മുത്തശ്ശി... . നമ്മുടെ രഘു ഇപ്പോൾ എവിടെയാണ് എന്റെ ശിഷ്യരിൽ എനിക്ക് വേദനയായി തീർന്നു തവനാണ്. അവനെ കുറിച്ച് ഒരു നന്മ കേൾക്കാൻ ഞാൻ ആഗ്രഹിക്കുന്നു. രഘുവിനെ കുറിച്ച് മുത്തശ്ശി വേദനിക്കരുത്. അവൻ മുത്തശ്ശി തിരിച്ചറിയും. അതു തീർച്ചയാണ്.അന്ന് അവൻ നേരെയാകും. അതുകൊണ്ട് ആ വിഷമം കൊണ്ട് നടക്കരുത്. ഉണ്ണി എല്ലാവരോടും യാത്ര പറഞ്ഞു പടിയിറങ്ങി. അവന്റെ വാക്കുകൾ മനസ്സിൽ ആശ്വാസം പകർന്നു. അതെ അവൻ പറഞ്ഞത് സത്യമാകട്ടെ. അവർ പ്രാർത്ഥന പുസ്തകം കയ്യിലെടുത്തു...


Uthraja Manesh

Std 8 A

# The Bubble, The Straw and The Shoe

Once upon a time there lived a Bubble , a straw and a shoe.One day they went into the forest .They came across a river .They did not know how to cross it. The shoe said,"Bubble, let us float on you". "No shoe! Let straw stretch himself from one bank to the other . Then we can cross the river".So,the straw stretched himself from one bank to the other. When the shoe jumped on the straw, it broke. The shoe fall into the water with a loud splash . The Bubble shook and shook with laughter and burst with a big bang.

By :Irin Tresesa Tinu 5B



By:Divyasree Abhayan 9C



ജെനിസ മറിയം ജോൺസൺ 6B

# നിലാവ്

നിലാവേ നീ കണ്ണടയ്ക്കരുത്
നിലാവിന്റെ വെട്ടത്തിൽ ഞാൻ...
ആനന്ദ നൃത്ത മാടും
എന്നിലുള്ളതെല്ലാം ഞാൻ പകർന്നു തരാം...
നിന്നിലുള്ള വെളിച്ചത്തെ നീ പ്രകാശിപ്പിക്കാമോ ?

Mariya moncy 9B



# പ്രകൃതി

ദൈവം നമുക്ക് തരുന്ന വരമാണ് പ്രകൃതി "

"കേരളത്തെ പച്ചപ്പിൽ പുതുക്കുന്നതാണ് നമ്മുടെ പ്രകൃതി "

"പ്രകൃതിയെ നമ്മൾ സ്നേഹിക്കും പിന്നെ നമ്മൾ തന്നെ നശിപ്പിക്കും "

"പ്രകൃതിയെ ഒരിക്കലും നമ്മൾ നശിപ്പിക്കരുത് അത് നമ്മുടെ നാശത്തിനാണ് "

"പ്രകൃതി നമ്മുടെ" "അമ്മയാണ് "

Upasana Vijayan 9A



# കുസൃതി ചോദ്യങ്ങൾ

വെള്ളത്തിൽ വീണാൽ നനയാത്ത വസ്തു
ഉ. നിഴൽ
ധാരാളം ആളുകൾ കയറി ഇറങ്ങുന്ന ബസ്
ഉ.ക്യാമ്പസ്
ധാരാളം ആളുകൾ കൂടുന്ന ഒരു ഇംഗ്ലീഷ് അക്ഷരം
ഉ.Q
'ര'യിൽ തുടങ്ങി രാവിലെ അവസാനിക്കുന്ന ഒരു പദം
ഉ. രണ്ടര
കുട്ടികൾ ഇഷ്ടപ്പെടുന്ന ഊണ് ഏതാണ്?
ഉ.കാർട്ടൂൺ
തലകുത്തി നിന്നാൽ വലുതാകുന്നതാര്?
ഉ.6
തലയിൽ കാൽ വച്ച് നടക്കുന്ന ജീവി
ഉ.പേൻ
താജ്മഹൽ നിർമ്മിച്ചതാര്?
ഉ.തൊഴിലാളികൾ
എങ്ങനെ എഴുതിയാലും ശരിയാകാത്ത വാക്ക്
ഉ.തെറ്റ്
തവളയ്ക്ക് മുൻപിലും കഴുതയ്ക്ക് പിന്നിലും കാണുന്നതെന്ത്?
ഉ.ത
കടയിൽ നിന്ന് വാങ്ങാൻ പറ്റാത്ത ജാം
ഉ. ട്രാഫിക് ജാം
ഉണ്ടാവാൻ ആഗ്രഹിക്കാത്ത പണം
ഉ. ആരോപണം
വാങ്ങാൻ പറ്റാത്ത കടം
ഉ. സങ്കടം

സമ്പാദക: അമേയ എം എസ് 6A




Nidhi S 6C



# വിദ്യാലയം




ആനന്ദം നൽകുന്നോരി

സുന്ദര നിമിഷങ്ങൾ എല്ലാമാ

വിദ്യാലയത്തിനുള്ളിൽ അത്ര

കൂട്ടം,പാട്ടും കളിയും ചിരിയും.

അറിവ്മേകുമെൻ വിദ്യാലയം

അറിവിൻ ലോകത്തിലേക്ക് എന്നെ

കൈപിടിച്ചുയർത്തിയൊരൻ ഗുരുക്കന്മാരും സ്നേഹമായി

സാഹോദര്യമായെൻ ചങ്ങാതികളും ഉണ്ടെൻ ചാരേ.

ഇല്ലില്ല ഇതിനേക്കാൾ ചന്തമേറിയ ഒരു ഇടം എനിക്കായി.

**EmilyJohnson**
**5 b**



# Activities 2023-2024
























LIONS CLUB
THIRUVANCHOOR



























# ഒരു വാക്ക്

## നൂപുരത്തിന്റെ ചിലമ്പൊലി മുഴക്കുവാൻ സഹായിച്ച എല്ലാവരോടുമുള്ള നന്ദി അറിയിച്ചു കൊള്ളുന്നു

